# യാത്രയാക്കുന്നവൻ യാത്രക്കാരനുവേണ്ടി

അബ്ദുൽ ജബ്ബാർ അബ്ദുല്ല

## أستودع الله دينك وأمانتك وخواتيم عملك

"താങ്കളുടെ ദീൻ സംരക്ഷിക്കുവാനും താങ്കൾ കൈകാര്യം ചെയ്യുന്ന അമാനത്ത് സംരക്ഷിക്കുവാനും താങ്കളുടെ നല്ല പര്യവസാനവും ഞാൻ അല്ലാഹുവോട് തേടുന്നു."

നബിﷺയോട് യാത്ര ചോദിച്ചിരുന്ന സ്വഹാബത്തിനെ ഈ ദുആ ചൊല്ലി തിരുമേനിﷺ യാത്രയാക്കിയിരുന്നു എന്ന് സുനനുത്തിർമുദിയിലുണ്ട്. അൽബാനി ഹദീഥിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

---

## زودك الله التقْوى ، وغَفَر ذَنبك ، ويسر لَك الْخير حيثُما كُنت

"അല്ലാഹു, തക്വ്‌വയെ താങ്കൾക്ക് പാഥേയമാക്കുകയും താങ്കളുടെ പാപം പൊറുക്കുകയും താങ്കൾ എവിടെയാണെങ്കിലും നന്മയെ എളുപ്പമാക്കുകയും ചെയ്യട്ടെ."

പ്രവാചകനോﷺട് ഒരു വ്യക്തി തന്റെ യാത്രയിൽ ബർകത്തുണ്ടാകുവാനായി ദുആചെയ്യുവാൻ ആവശ്യപ്പെട്ടപ്പോൾ തിരുമേനിﷺ ചെയ്ത ദുആ. ഇമാം തിർമുദി സംഭവം വിവരിച്ചു. അൽബാനി ഹദീഥിനെ ഹസനെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.